DESPATCHED on..11/6/2020

24/04/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1967(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.14077/SIC-Gen5/2016

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. മഹേശൻ നമ്പൂതിരി
S/o കേശവൻ നമ്പൂതിരി,
വേണാട് മന, പെരുമ്പറമ്പ് പി.ഒ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചാവക്കാട്, തൃശ്ശൂർ.
2. അപ്പീൽ അധികാരി & ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, ചാവക്കാട്, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 05/05/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05/08/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29/08/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07/11/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 14/11/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 21/12/2016, 26/2/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/03/2020 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. മഹേശൻ നമ്പൂതിരി, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിലെ ഭൂരിഭാഗം ചോദ്യങ്ങൾ സംബന്ധിച്ചും നൽകിയ മറുപടിയിൽ അറിയിച്ചത്, മേൽപ്പടി വിവരങ്ങൾ എ.എം.എൽ.പി.സ്കൂൾ പ്രധാന അദ്ധ്യാപകൻ നൽകുമെന്നാണെന്നായിരുന്നു എന്നും അപ്രകാരം എതിർകക്ഷിയോട് ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേക്കായി മറ്റൊരു ആളെ ഡെലിഗേറ്റ് ചെയ്യുവാനുള്ള അധികാരം വിവരാവകാശ നിയമപ്രകാരമില്ല എന്നും പരാമർശിത സ്കൂളിലെ പ്രധാന അധ്യാപകൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അയച്ചു നൽകിയ മറുപടിയുടെ പകർപ്പ് ടിയാന് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിൽ നിന്നും നിരുത്തരവാദപരമായാണ് വിവരങ്ങൾ നൽകിയിട്ടുള്ളതെന്നു ബോധ്യമാകുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. വൈലത്തൂർ എ.എം.എൽ.പി.സ്കൂളിലെ ഇപ്പോഴത്തെ മാനേജർ ആരാണെന്നും മേൽപ്പടി സ്കൂളിലെ വിവരാവകാശ ഓഫീസർ ആരാണെന്നും

ii. വിവരാവകാശ നിയമപ്രകാരം മേൽപ്പടി സ്കൂളിലേക്ക് അയച്ച ചോദ്യങ്ങൾ അടങ്ങിയ എഴുത്ത് ഹെഡ്മാസ്റ്റർ കൈപ്പറ്റിയിട്ടുണ്ടെന്നും ആയതു സംബന്ധിച്ച് ചാവക്കാട് എ.ഇ.ഒ. ഓഫീസ് മുമ്പാകെ വല്ല ഇൻഫർമേഷനും നൽകുകയുണ്ടായിട്ടുണ്ടോ എന്നും

iii. 2013 ജനുവരി മാസത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്കെതിരെ നടന്ന പണിമുടക്കിൽ മേൽപ്പടി സ്കൂളിലെ പ്രധാന അദ്ധ്യാപകൻ പങ്കെടുത്തിരുന്നോ എന്നും ഉണ്ടെങ്കിൽ എത്ര ദിവസമാണെന്നും

iv. മേൽപ്പടി പണിമുടക്കിനോട് അനുബന്ധിച്ച് മേൽപ്പടി സ്കൂൾ പ്രധാന അധ്യാപകനായ സലിംകുമാറിന് സസ്പെൻഷൻ ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര ദിവസമെന്നും ആരുടെ ഉത്തരവുപ്രകാരമാണ് സസ്പെൻഷൻ ലഭിച്ചത് എന്നും മേൽപ്പടി സസ്പെൻഷൻ ഓർഡറിന്റെ പകർപ്പ് നൽകണമെന്നും

v. മേൽപ്പടി സമരത്തോട് അനുബന്ധിച്ച് സലിംകുമാറിന് സസ്പെൻഷൻ ലഭിക്കാനുണ്ടായ കാരണം എന്താണെന്നും

vi. മേൽപ്പടി സസ്പെൻഷൻ സംബന്ധിച്ചുള്ള വിവരങ്ങൾ ടിയാന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും മറ്റുമായി 50 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയതുപ്രകാരം അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 10, 11, 12, 14, 16, 17, 19, 20, 21, 26, 27, 28, 29, 30, 31, 33, 34, 35, 36, 37, 39, 40, 41, 43, 44, 45, 46 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിലേക്കായി വൈലത്തൂർ എ.എം.എൽ.പി.സ്കൂൾ പ്രധാന അദ്ധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നു അറിയിക്കുകയും മറ്റിനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുകയും 4, 6, 7 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിലെ 27 ഇനങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിലേക്കായി എ.എം.എൽ.പി. വൈലത്തൂരിലെ പ്രധാനാധ്യാപകനെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കത്തക്കതല്ല എന്നും മേൽപ്പടി വിവരങ്ങൾ ശ്രീ. സലീം കുമാറിൽ നിന്നും ആവശ്യപ്പെട്ടു ഹർജിക്കാരന് നൽകേണ്ടതായിരുന്നു എന്നും ശ്രീ.സലിംകുമാർ നൽകുമെന്നു പ്രസ്താവിച്ച ഇനങ്ങൾ സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടില്ല എന്നും ആയതിനാൽ ഒന്നാം എതിർകക്ഷിയ്ക്കെതിരെയും സലിം കുമാറിനെതിരെയും നിയമപരമായ നടപടികൾ സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തമായ മറുപടി നൽകുവാൻ ഉത്തരവാകേണ്ടതാണെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി

പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാത്തവയും വൈലത്തൂർ സ്കൂളിൽ ലഭ്യമായവയും സംബന്ധിച്ച വിവരങ്ങളാണ് മേൽപ്പടി സ്കൂളിൽ നിന്നും നൽകാൻ നിർദ്ദേശിച്ചിരുന്നത് എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ച് മേൽപ്പടി പ്രധാനാധ്യാപകന് കത്ത് നൽകിയെങ്കിലും ടിയാൻ നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്നും ആയതിനാൽ വ്യക്തമായ വിവരങ്ങൾ നൽകുവാൻ ഒരിക്കൽ കൂടി മേൽപ്പടി സ്കൂൾ പ്രധാനാധ്യാപകനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറ്റുമാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായവ ഹർജിക്കാരന് നൽകിയിരുന്നു എന്നും മേൽപ്പടി കാര്യാലയത്തിൽ ലഭ്യമല്ലാത്ത വിവരങ്ങൾ പരാമർശിത സ്കൂളിൽ ലഭ്യമായതിനാലാണ് ആയത് സംബന്ധിച്ച വിവരങ്ങൾ നൽകാൻ നിർദ്ദേശം നൽകിയത് എന്നും മേൽപ്പടി സ്കൂളിൽ നിന്നും ഹർജിക്കാരന് നൽകിയ മറുപടി തൃപ്തികരമായിരുന്നില്ല എന്ന വിവരം എതിർകക്ഷി ഓഫീസിൽ ഹർജിക്കാരൻ അറിയിച്ചിരുന്നില്ല എന്നും അത്തരം സാഹചര്യത്തിൽ മേൽപ്പടി സ്കൂളിന്റെ ഒന്നാം അപ്പീൽ അധികാരിയായ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ നൽകേണ്ടതായിരുന്നു എന്നും എതിർകക്ഷി ഓഫീസിന്റെ ഭാഗത്തു നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. പരാമർശിത സ്കൂളുമായി ബന്ധപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം മേൽപ്പടി വിവരങ്ങൾ നൽകുന്നതിലേക്കായി പരാമർശിത സ്കൂൾ അധ്യാപകന് ഹർജിക്കാരന്റെ അപേക്ഷ അയച്ചു കൊടുത്തിരുന്നത് എന്നു കാണുന്നു. ആയത് നിയമാനുസൃതമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. മേൽപ്പടി സ്കൂൾ പ്രധാന അധ്യാപകൻ നൽകിയ വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടായിരുന്നുവെങ്കിൽ ആയത് ചൂണ്ടിക്കാട്ടി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിക്കുകയാണ് വേണ്ടിയിരുന്നത്. ആയതിനാൽ എതിർകക്ഷി ഓഫീസിന്റെ ഭാഗത്തു നിന്നും വിവരാവകാശ നിയമപ്രകാരം യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല എന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *